# കേരള
# പ്രൈവററ് കോളേജ്
# ടീച്ചർ

എ. കെ. പി. സി. ടി. എ ജേർണൽ
1981 ആഗസ്ററ്

# അറിയിപ്പുകൾ

## ഓഫീസ് തുറന്നു

എ. കെ. പി. സി. ടി. എ. യുടെ ഓഫീസ് ആഗസ്ററ് ഒന്നുമുതൽ തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിച്ചു. പട്ടം എൽ. ഐ. സി ലെയിനിൽ 'സോഷ്യൽ സയിൻറിസ്ററ് പ്രസ്സി'നടുത്താണ് ഓഫീസ്.

മേൽവിലാസം:

*Kalyan*
*T. C. 3/1690*
*L. I. C. Lane*
*Pattom, TVM-4*

## ഫോൺ

എ. കെ. പി. സി. ടി. എ. കാര്യങ്ങൾക്കായി തിരുവനന്തപുരത്ത് സെക്രട്ടറി ആർ. രവീന്ദ്രൻനായരുമായി ഫോണിൽ ബന്ധപ്പെടാം. നമ്പർ: 4229

## ജനറൽ സെക്രട്ടറിയുടെ മേൽവിലാസം

*N. M. Joseph*
*Vaypana Building*
*Arunapuram*
*Palai*
*Kottayam*

## മെമ്പർഷിപ്പ്

ബ്രാഞ്ചുസെക്രട്ടറിമാർ എത്രയും വേഗം മെമ്പർഷിപ്പ് തുക ട്രഷററുടെ പേർക്ക് അയയ്ക്കണം.

*N. Bhargavan*
*S. N. College*
*Connannore*

## ജേർണൽ വില 75 പൈസ

ജേർണലിന്റെ വില അൽപം വർദ്ധിപ്പിക്കാൻ വർക്കിംഗ് കമ്മിററി തീരുമാനിച്ചു. ഒററപ്രതിയ്ക്ക് 75 പൈസ ആയിരിക്കും. ഇനിമുതൽ വാർഷികവരിസംഖ്യ ഏഴര രൂപയും. ആഗസ്ററ് ലക്കം മുതൽ ഇത് പ്രാബല്യത്തിൽവരും.

അംഗങ്ങൾ സഹകരിക്കുമല്ലോ. ബ്രാഞ്ചു സെക്രട്ടറിമാരും ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം.

*Kerala Private College Teacher*
*Vasantham*
*Kesavadasapuram*
*Trivandrum*

## വെൽഫയർ ട്രസ്ററ്

എ. കെ. പി. സി. ടി. വെൽഫയർ ട്രസ്ററിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം. ട്രസ്ററിൽ എല്ലാ എ. കെ. പി. സി. ടി. എ. അംഗങ്ങളേയും ചേർക്കുക. ജനറൽസെക്രട്ടറിയുടെ പേർക്ക് തുക അയയ്ക്കുക.


**കേരള പ്രൈവററ് കോളേജ് ടീച്ചർ**

അഖില കേരള പ്രൈവററ് കോളേജ് അധ്യാപക സംഘടനയുടെ മുഖപത്രം

ഒററപ്രതി വില 75 പൈസ

വാർഷിക വരിസംഖ്യ 7.50 രൂപ

1981 ആഗസ്ററ്

No. 29

പത്രാധിപസമിതി:

വി. നാരായണൻകുട്ടി
ജി. മാധവൻനായർ
എൻ. ഭാർഗവൻ
എം. ആർ. ചന്ദ്രശേഖരൻ
പി. രവീന്ദ്രനാഥ്
വി. എൻ. മുരളി (ചീഫ് എഡിററർ)

# സംഘടന വളർന്നിരിക്കുന്നു

# ഐക്യത്തിലൂടെ മുന്നേറുക

ആഗസ്റ്റ് 9–ാം തീയതി എറണാകുളത്തുനടന്ന എ.കെ.പി.സി.ടി.എ.യുടെ വാർഷിക പൊതുയോഗവും പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും സംഘടനയുടെ വളർച്ചതെളിയിക്കുന്നു. ആരോഗ്യകരമായ മൽസരത്തിലൂടെയാണ് തെരഞ്ഞെടുപ്പ് നടന്നത്. സംഘടനയുടെ കെട്ടുറപ്പിന് അൽപംപോലും കോട്ടം തട്ടാത്തതരത്തിലും ഐക്യം കൂടുതൽ ഉറപ്പിക്കുന്ന വിധത്തിലും തെരഞ്ഞെടുപ്പിനെ കാണാൻ എ. കെ. പി. സി. ടി. എ. അംഗങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടെന്നത് ശ്രദ്ധേയംതന്നെ. ഐതിഹാസികമായ ഒരു സമരത്തിനുശേഷം നടന്ന തെരഞ്ഞെടുപ്പായിരുന്നല്ലോ ഇത്. സമരത്തിൽ എ. കെ. പി. സി. ടി. എ. പ്രകടിപ്പിച്ച സംഘടനാശക്തിയും ഐക്യബോധവും തുടർന്നും നിലനിർത്താൻ സംഘടനയ്ക്കു കഴിയും എന്ന് ഇപ്പോൾ തെളിയിക്കപ്പെട്ടിരിക്കയാണ്.

എന്നാൽ ചില കടലാസു സംഘടനകൾക്കും അവയെ താങ്ങിനിർത്തുന്ന കേന്ദ്രങ്ങൾക്കും അമിതമായ താൽപര്യം നമ്മുടെ സംഘടനാതെരഞ്ഞെടുപ്പിൽ ഉണ്ടായി! അതിലേറെ ചില മാനേജുമെൻറുകളും തൽപരരായി. പക്ഷേ അവർക്കു തെററു പററിയിരിക്കുന്നു. അവർ കാണുന്നതിലും എത്രയോ മുന്നോട്ട് എ. കെ. പി. സി. ടി. എ. യും അതിലെ അംഗങ്ങളും വളർന്നിരിക്കുന്നു.

കോളേജധ്യാപക രംഗത്ത് ഐക്യശക്തി വളർത്തിയെടുക്കേണ്ട ചുമതല എ. കെ. പി. സി. ടി. എ. ഏറെറടുക്കേണ്ട കാലമാണിത്. അധ്യാപകർക്കും മററെല്ലാത്തരം പണിയെടുക്കുന്നവർക്കും പല പുതിയ ഭീഷണികളേയും നേരിടേണ്ടിവന്നിരിക്കുന്നു. അവകാശങ്ങൾക്കായി പണിമുടക്കാനുള്ള സ്വാതന്ത്ര്യം തന്നെ പൊതുവിൽ ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നു. മാനേജ്മെൻറുകളും യൂണിവേർസിററികളും ഉയർത്തുന്ന ഭീഷണി വേറേയുമുണ്ട്. ഇത്തരം സങ്കീർണ്ണമായ സാഹചര്യത്തിൽ നമ്മുടെ സംഘടന നമുക്ക് പ്രാണവായു പോലെ അനുപേക്ഷണീയമാണ്. അത് മനസിലാക്കി മുന്നേറാൻ എല്ലാ അംഗങ്ങളെയും ഞങ്ങൾ ആഹ്വാനം ചെയ്യുന്നു.

എ. കെ. പി. സി. ടി. എ. സിന്ദാബാദ്.

# ജീർണ്ണതകൾക്കെതിരേ പൊരുതുക

## — കഴിഞ്ഞ വർഷത്തെ പ്രവർത്തനറിപ്പോർട്ട് ഉപസംഹരിച്ചുകൊണ്ട്

### ജനറൽ സെക്രട്ടറി ജി. മാധവൻനായർ

റിപ്പോർട്ടുവർഷത്തിൽ സംഘടനാപ്രവർത്തനത്തിനു നേതൃത്വം നൽകിയത് സർവീസ് സംഘടനാരംഗത്ത് വർഷങ്ങളുടെ പാരമ്പര്യമുള്ള പ്രൊഫ. വി. നാരായണൻകുട്ടി ആണ്. സംഘടനാരംഗത്തെ അതികായൻമാർ പലരും വർക്കിംഗ്കമ്മിററിയിൽ ഉണ്ട്. കഴിഞ്ഞവർഷം പുതുതായി വർക്കിംഗ്കമ്മിററിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവർ വളരെ സജീവമായി എല്ലാ കാര്യങ്ങളിലും സഹകരിച്ചു. ഈ വർക്കിംഗ്കമ്മിററിയുടെ കൂട്ടായ നേതൃത്വത്തിലും പൂർണമായ സഹകരണത്തോടെയുമാണ് റിപ്പോർട്ടുവർഷത്തിൽ പ്രവർത്തനം നടന്നതെന്ന് രേഖപ്പെടുത്തുവാൻ സന്തോഷമുണ്ട്. ഒരു കൊല്ലം ഈ മഹത്തായ സംഘടനയുടെ ജനറൽ സെക്രട്ടറിയായി പ്രവർത്തിക്കാൻ സാധിച്ചത് വലിയ ഒരു ഭാഗ്യമായി ഞാൻ മനസ്സിലാക്കുന്നു. എൻെറ കൃത്യനിർവഹണത്തിന് വർക്കിംഗ് കമ്മിററിയുടെയും സ്റേററ് കമ്മിററിയുടെയും പൂർണമായ സഹകരണമുണ്ടായിരുന്നുവെന്ന് ഈ അവസരത്തിൽ നന്ദിപൂർവം രേഖപ്പെടുത്തട്ടെ. ഈ റിപ്പോർട്ട് അവസാനിപ്പിക്കുന്നതിനു മുമ്പ് കഴിഞ്ഞ കാല അനുഭവങ്ങളുടെ വെളിച്ചത്തിൽ സംഘടനയെ സംബന്ധിക്കുന്ന ചില കാര്യങ്ങൾ കൂടി ചൂണ്ടിക്കാണിക്കട്ടെ.

സംസ്ഥാനത്തെ മററ് സർവീസ് സംഘടനകളെപ്പോലെ തന്നെ നമ്മളും സങ്കീർണമായ രാഷ്ട്രീയ സാമൂഹ്യസാഹചര്യങ്ങളിലാണ് പ്രവർത്തിക്കുന്നത്. നമ്മുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് നാം മാത്രം മുൻപോട്ട് വന്നാൽ മതിയാവുകയില്ലെന്ന് അനുഭവങ്ങൾ തെളിയിച്ചു. മററുള്ളവരുമായി കൂട്ടുചേർന്നപ്പോൾ അവരുടെ ആവശ്യം കൂടി നാം ഉന്നയിക്കുന്ന സാഹചര്യം നിലവിൽ വന്നു. ഇത് സർവീസ് സംഘടനാ രംഗത്തെ കാര്യമാണ്. ശക്തമായ സർവീസ് സംഘടനകൾക്കപ്പുറം സംഘടിതമായ രാഷ്ട്രീയ ശക്തികളും അസംഘടിതരായ പൊതുജനങ്ങളും പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്നതിൽ നിർണായകമായ പങ്കു വഹിക്കുന്ന പത്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. നമ്മുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് ഇവരുടെയൊക്കെ സഹായവും സഹകരണവും ആവശ്യമാണ്. നമ്മുടെ മുദ്രാവാക്യങ്ങൾ പലപ്പോഴും പൊതുജനങ്ങളെ സ്പർശിക്കാതെ പോകുന്നോ എന്ന സംശയം എനിക്കുണ്ട്. അവർക്കുകൂടി മനസിലാകുന്ന, അവരുടെ ജീവിതത്തെ ബാധിക്കുന്ന മുദ്രാവാക്യങ്ങൾ മുഴക്കുവാൻ നാം തയ്യാറാകേണ്ടിയിരിക്കുന്നു. നമ്മുടെ അവകാശസമരങ്ങൾ സാമൂഹ്യപുരോഗതിക്ക് ആക്കം കൂട്ടുന്നവയാണെന്ന സത്യം അവരെ ബോദ്ധ്യപ്പെടുത്താൻ നമുക്ക് കഴിയണം.. ഉന്നതവിദ്യാഭ്യാസ മണ്ഡലത്തിലെ ജീർണതക്കെതിരെ ശബ്ദമുയർത്തുവാനും, വിദ്യാഭ്യാസപരമായ കാര്യങ്ങളിൽ കാലോചിതമായ മാററങ്ങൾ വരുത്തുവാൻ വ്യക്തമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാനും നമുക്ക് കഴിയണം. മാതൃകാസിലബസ് നിർമ്മാണം തുടക്കമേ ആയുള്ളു. ഈ വഴിക്ക് കൂടുതൽ ഫലപ്രദമായും വ്യാപകമായും നാം പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ദിനംപ്രതി സാധനങ്ങളുടെ വില വർദ്ധിക്കുന്നുവെന്നതും ശമ്പളവർദ്ധനവിന് മൊറൊട്ടോറിയം പ്രഖ്യാപിക്കാനുള്ള നീക്കങ്ങൾ അങ്ങെവിടെയോ ആരംഭിച്ചിട്ടുണ്ടെന്നുള്ളതും നാം ഗൗരവപൂർവം കണക്കിലെടുക്കേണ്ടതാണ്. സാമൂഹ്യരാഷ്ട്രീയ സാഹചര്യത്തിൽ നിന്ന് വേറിട്ട് നമുക്കു നിലനിൽക്കാനാവില്ല. നമ്മുടെ വളർച്ച സമൂഹത്തിൻെറ വളർച്ചയുടെ ഭാഗമാണ്. ഈ കാര്യങ്ങൾ കണക്കിലെടുത്ത് പുരോഗമന ശക്തികളോടൊപ്പം അണിനിരന്നു കൊണ്ട് സമൂഹത്തിൻെറ സമഗ്രമായ വളർച്ചക്കു വേണ്ടി പ്രവർത്തിക്കുവാൻ നാം കടമപ്പെട്ടിരിക്കുന്നു. നമ്മുടെ സംഘടനയുടെ പ്രവർത്തനശൈലിയിൽ ഗുണപരമായ ഈ മാററം വരുത്തുവാൻ സമയം പാകമായിരിക്കുന്നു. ഓരോ അംഗവും ഇക്കാര്യം ഗൗരവപൂർവം പരിഗണിക്കുമെന്ന് വിശ്വസിക്കട്ടെ. □

## എ.കെ.പി.സി.ടി.എ പുതിയ ഭാരവാഹികൾ 1981 – '82

പ്രസിഡൻറ്

**പി. രവീന്ദ്രനാഥ്**
(എൻ. എസ്.എസ്. കോളേജ്, വാഴൂർ)

ജനറൽ സെക്രട്ടറി

**എൻ. എം. ജോസഫ്**
(സെൻറ് തോമസ് കോളേജ്, പാല)

വൈസ് പ്രസിഡൻറുമാർ

**നന്ദിയോട് രാമചന്ദ്രൻ**
(എസ്. എൻ. കോളേജ്, നാട്ടിക)

**ഡി. നാരായണൻകുട്ടി**
(എസ്. ഡി. കോളേജ്, ആലപ്പുഴ)

സെക്രട്ടറിമാർ

**ആർ. രവീന്ദ്രൻ നായർ**
(എൻ. എസ്. എസ്. കോളേജ്, ധനുവച്ചപുരം)

**കെ. ചിണ്ടൻകുട്ടി**
(സർ സെയ്ത് കോളേജ്, തളിപ്പറമ്പ്)

ട്രഷറർ

**എൻ. ഭാർഗവൻ**
(എസ്. എൻ. കോളേജ്, കണ്ണൂർ)

## ജില്ലാഭാരവാഹികൾ

### തിരുവനന്തപുരം

പ്രസിഡൻറ്

**എം. എൻ. കുഞ്ഞുരാമൻപിള്ള**
(ഇക്ബാൽ കോളേജ്, പെരിങ്ങമ്മല)

സെക്രട്ടറി

**എൽ. ജി. വർഗീസ്**
(എസ്. എൻ. കോളേജ്, ചെമ്പഴന്തി)

### കൊല്ലം

പ്രസിഡൻറ്

**എസ്. ശിവൻ**
(എസ്. എൻ. കോളേജ്, പുനലൂർ)

സെക്രട്ടറി

**ഇ. ജേക്കബ് ജോൺ**
(കാത്തോലിക്കേററ് കോളേജ്, പത്തനംതിട്ട)

### ആലപ്പുഴ

പ്രസിഡൻറ്

**വി. എൻ. കുര്യൻ**
(മാർത്തോമ്മാ കോളേജ്, തിരുവല്ല)

സെക്രട്ടറി

**കെ. സദാശിവൻ നായർ**
(എൻ. എസ്. എസ്. കോളേജ്, പന്തളം)

**കോട്ടയം-ഇടുക്കി**

പ്രസിഡൻറ്

**എം. സി. ജേക്കബ്**
(ബസേലിയസ് കോളേജ്, കോട്ടയം)

സെക്രട്ടറി

**ടി. സി. ഇമ്മാനുവൽ**
(സെൻറ് ജോർജ് കോളേജ്, അരുവിത്തുറ)

**എറണാകുളം**

പ്രസിഡൻറ്

**കെ. കുമാരമേനോൻ**
(എസ്. എസ്. കോളേജ്, കാലടി)

സെക്രട്ടറി

**കെ. കെ. രാമകൃഷ്ണൻ**
(എസ്. എൻ. എം. കോളേജ്, മാല്യങ്കര)

**തൃശൂർ**

പ്രസിഡൻറ്

**ടി. രാജൻ**
(എസ്. കെ. വി. കോളേജ്, തൃശൂർ)

സെക്രട്ടറി

**ടി. വി. ജെയിംസ്**
(ക്രൈസ്ററ് കോളേജ്, ഇരിങ്ങാലക്കുട)

**പാലക്കാട്**

പ്രസിഡൻറ്

**വിമലാമേനോൻ**
(മെഴ്സി കോളേജ്, പാലക്കാട്)

സെക്രട്ടറി

**ടി. കെ. ഗോപാലകൃഷ്ണൻ നായർ**
(എൻ. എസ്. എസ്. കോളേജ്, ഒററപ്പാലം)

**മലപ്പുറം**

പ്രസിഡൻറ്

**അലി**
(പി. എസ്. എം. ഒ. കോളേജ്, തിരൂരങ്ങാടി)

സെക്രട്ടറി

**എം. കെ. ഫരീദ്**
(എം. ഇ. എസ്. കോളേജ്, മമ്പാട്)



(ശേഷം 13-ാം പേജിൽ)

*(Contd. from the last issue)*

11. Universities in India are set up by appropriate legislation either by the State legislature or by Parliament. All other institutions can be and are actually started by private interest. In terms of management, institutions may be classified into three categories namely (i) Government institutions, (ii) Institutions run by various statutory authorities like corporations, municipalities and district boards and (iii) Private institutions. The third category includes schools and colleges of various types including those run by minorities, semi-government or government-sponsored institutions etc. Public examinations like school final or secondary examination are usually conducted by autonomous statutory authorities like Secondary Education Board. These Boards are also creation of appropriate legislation and they exert various moderating power over the private management of schools vis a vis service conditions of teachers' apart from prescribing courses, conducting examinations and granting recognition to schools.

12. It may be mentioned here that teachers in India have historically been kept isolated from the working class. Teachers' organisations have traditionally been separately organised and have functioned independent of Trade Union Centres. There are, of course, instances where teachers' organisations joined hands with working class organisations on various common isssues. But such instances do not belie the earlier contention.

13. With the development of the democratic movement of workers, peasants and other working people, the teachers' movement is gaining new strength and purpose.

In the parts of the country, where general democratic development is strong, movement of teachers and other educational workers for better education has also gained new dimension and has been strengthened day by day, the necessity of a storng tie of the teachers' movement with the general democratic movement of the people and movement of workers and peasants in particular has acquired added importance for futherance to the cause of education.

Because of uneven development of the organisation and movement, the results gained by the teachers and educational workers vary from state to state. In some states like West Bengal,

# Management of Institutions and the Security of Service of the Staff

Kerala,, Tripura teachers have the right to participate in political activities even to contest general election without affecting their professional career. But in some other states this right is denied.. Teachers in Government institutions, however, are denied, in all the states, the right to participate in political activities.

14. But the general picture of our country is that the teachers and educational workers do not enjoy security of service. The relation between the management and teachers is analogous to that between a master and a servant. It is such that even if a teacher is wrongfully dismissed, even the highest court of the land cannot order his reinstatement. All that such a teacher may be entitled to is a compensation. Hence naturally statutory security of service remains a central demand of teachers' movement practically all over the country. In fact in a number of states the state governments have adopted special legislation guaranteeing teachers' security of service and curbing the unrerstrained power of private management In some states the demand of teachers' movement has been nationalisation of education and in fact in some states the government has taken over all the primmary and secondary schools, thus for most purposes putting an end to rule of private management. However, overall picture is still that private management is a very real factor to rekon with. In view of inadequacy of security of service of teachers the National Commission on Labour and later on the Supreme Court of India recommended that the Industrial Disputes Act be so amended as to bring all educational institutions under its purview. Such amendment of the I. D. Act would guarantee teachers the same degree of security of service as is available to the working class.

15. But on the contrary there had been consistent attack on rights and status of teachers, educational workers and their organisations. In the period of national emergancy in India all the rights of the teachers and their organisations were kept suspended and no question of bringing educational institutions under the purview of Industrial Dispute Act arose. In Augnst '78 the government at the centre did place a Bill before Lok Sabha on the plea of pursuance of the Supreme Court directive. The head of the Bill was Hospitals and Educational Instiutions (Conditions of Service) Bill. However the provisions of the bill were anti-teacher, anti-working class, undemocratic and sinister. Opposition to this Bill was so total that the government did not dare to push it through and finally it lapsed with the dissolution of the sixth Lok Sabha. However, Central Government

(... Contd. page 12)

---

**A peculiar position is occupied by the minority institutions. Linguistic and religious minorities enjoy constitutional protection with respect to management and establishment of educational institutions. Taking advantage of this constitutional provision unscrupulous minority private managements often exploit the teachers.**

---

# Rates of Remuneration for the conduct of University Examinations - Revision of orders issued

1. Theory

| Item | Rates |
|---|---|
| (a) Chief Superintendent | Rs. 18/-per half day<br>Rs. 25/-per full day<br>(When there are two Sessions in a day with different Chief Superintendents, each will be paid only Rs. 12/50 and not Rs. 18/-) |
| (b) Additional Chief Superintendent. | Rs. 12/50 per half day<br>Rs. 18/-per full day |
| (c) Senior Assistant Superintendent (to help Chief Superintendent) | Rs. 12/50 per half day and<br>Rs. 18/-per full day |
| (d) Assistant Superintendents (one for every 30 candidates or part thereof in every Session) | Rs. 9/-per half day<br>Rs. 17/-per full day. |
| (e) Office Superintendent. | Rs. 9/-per half day<br>Rs. 17/-per full day |
| (f) Accountant | i. For Degree Colleges<br>Rs. 100/- for April Session.<br>Rs. 55/-for October Session.<br>ii. For Junior Colleges & School Centres<br>Rs. 65/- for Appril Session.<br>Rs. 35/- for October Session.<br>iii For University Departments.<br>Rs. 50/-for a Session. |
| (g) Typists. | i. Rs. 75/-for colleges for each examination Session.<br>ii. Rs. 40/- for Uniuersity Departments per Session. |
| (h) Clerks | Rs. 6/- per Session for every 80 candidates for part thereof, all examinations taken together. |
| (i) Peons | Rs. 4/- per Session for every 40 candidates or part there of all examinations taken together. |
| (j) Preliminarry arrangements | Rs. 8/- for every 40 candidates or part there of calculated on the basis of the total number of candidates registered on a day, all examinations taken together (Amount to be divided equally between Clerks & Peons). |

| | |
|---|---|
| (k) Conduct of Examinations | Rs. 8/- for every 40 candidates or part there of calculated on the maximum number registered on any one day of examination (divided equally between Peons & Clerks) |
| (l) Scavenger | Rs. 2/50 on each examination day. |
| (m) Sweeper | Rs. 2/-per day for every 100 candidates or part thereof on the basis of the maximum number registered in any on of the Sessions-theory or practical. |
| (n) Headload charges (including packing) | Rs. 1/25 for every 200 answer books or part thereof within a radius of 3 Km. plus 50 paise for every additional 3 Km. or part thereof. |
| (o) Trunk Call&Telegrams | Actual amount (with certificate) |

The following Certificate should be furnished : "Certified that the Trunk Call charges / Telegram charges were incurred on the University account for purposes of urgent and unavoidable official necessity, where the interest of the University would have suffered if ordinary means of correspondence were resorted to".

II Practicals (Note: No assistant Superintendents may be appointed Examiners are expected to Superintendent the examinations)

a) Pre degree

| Item | Rate |
|---|---|
| Skilled Assistant | 75 paise per candidate for all subjecs to a minimum of Rs. 9/– per session of 3 hours duration, except Botany & Zoology under Biology for which 40 paise per candidate will be allowed, subject to a minimum of Rs. 5/- per session of 1½ hours. |
| Laboratory Staff | 40 paise per candidate for examination of 3 hours duration subject to a minimum of Rs. 5/- for each session of 3 hours.<br>25 Paise per candidate for examination of 1½ hours duration subject to a minimum of Rs. 3/– for each session of 1½ hours. |
| Store-Keeper | Rs. 6/-per day for all subject except Chemistry for which Rs. 8/- per day will be paid. |

(......*Contd page 15*)

# എസ്. എൻ. മാനേജുമെൻറ് അധ്യാപക ദ്രോഹനയം അവസാനിപ്പിക്കുക

— എ.കെ.പി.സി.ടി.എ., — എസ്.എൻ. കോ-ഓർഡിനേഷൻ കൗൺസിൽ

എസ്. എൻ. കോളേജ്കളിലെ എ. കെ. പി. സി. ടി. എ. യൂണിററ്കളുടെ കോ-ഓർഡിനേഷൻ കൗൺസിൽ എറണാകുളം ഹോട്ടൽ എമ്പസിയിൽ ചേർന്ന് എസ്. എൻ. മാനേജ്മെൻറ് അദ്ധ്യാപക ദ്രോഹനിലപാട് എത്രയും വേഗം അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ടു. യോഗത്തിൽ കോ-ഓർഡിനേഷൻ പ്രസിഡൻറ് ഡോ. കെ. സുന്ദരേശൻ അധ്യക്ഷത വഹിച്ചു. കേരള സർവകലാശാല സിൻഡിക്കേററ് അംഗം പ്രൊ. ടി. ഗോപാലകൃഷ്ണൻ സ്ഥലം മാററങ്ങളിൽ നടന്ന അപാകതകൾ വിശദമായി റിപ്പോർട്ട് ചെയ്തു.

കൗൺസിൽ നടത്തിയ അവലോകനത്തിൻെറ സംക്ഷിപ്ത രൂപം താഴെച്ചേർക്കുന്നു:

1968-ൽ നടന്ന സമരത്തിനോടനുബന്ധിച്ച് സ്ഥലം മാററിയ എ.കെ.പി.സി.ടി.എ പ്രവർത്തകരായ അധ്യാപകർക്ക് ഇതുവരെയും സൗകര്യപ്രദമായ സ്ഥലംമാററം നൽകിയിട്ടില്ല. അതേസമയം സ്ഥലംമാററമായി, ആറുമാസം പോലും തികയാത്ത അധ്യാപകർക്ക് സൗകര്യപ്രദമായി വീണ്ടും സ്ഥലംമാററം നൽകിയിരിക്കുന്നു. (ഇവർക്കുപകരമായി മാററിയിരിക്കുന്നത് സ്ഥലം മാററത്തിൻെറ ദുരിതം വളരെ അനുഭവിച്ച സീനിയറായ അസോസിയേഷൻ പ്രവർത്തകരെയാണ്.)

. ഒഴിവാക്കാവുന്ന പല സ്ഥലം മാററങ്ങളും, സ്ഥലം മാററാൻവേണ്ടിമാത്രമായി നടത്തിയിരിക്കുന്നു. എ. കെ. പി. സി. ടി. എ. പ്രവർത്തകരെ വൈര നിര്യാതന ബുദ്ധിയോടെ സ്ഥലം മാററാൻ മാനേജ്മെൻറ് വ്യഗ്രത കാണിച്ചിട്ടുണ്ട്. എ. കെ. പി. സി. ടി. എ. യുടെ സംഘടനാശക്തിയെ തളർത്തുന്നതിനു വേണ്ടിയാണ് ഇതൊക്കെ മാനേജ്മെൻറ് ചെയ്യുന്നത്. തെരഞ്ഞെടുക്കപ്പെട്ട എക്സിക്യൂട്ടീവിരിക്കെ, എക്സിക്യൂട്ടീവ് കമ്മററിയുമായി ഒരു ബന്ധവുമില്ലാത്ത ചിലർ എടുക്കുന്ന തീരുമാനങ്ങൾ സ്ഥലം മാററമായി രൂപപ്പെടുന്ന ഒരു ദുഃസ്ഥിതി ഇന്ന് എസ്. എൻ. ട്രസ്ററിൽ സംജാതമായിട്ടുണ്ട്. തങ്ങൾക്കുള്ള വ്യക്തി വൈരാഗ്യങ്ങൾ തീർക്കുവാൻ ചിലർ നടത്തുന്ന ഗൂഢാലോചനകൾ എക്സിക്യൂട്ടീവിലെ എല്ലാഅംഗങ്ങളും അറിയുകപോലും ചെയ്യുന്നില്ലെന്നുള്ളതാണ് വസ്തുത. ഒരു തത്വത്തിനും അനുസൃതമല്ലാത്ത ദ്രോഹകരമായ സ്ഥലം മാററങ്ങൾ നടത്തി എസ്. എൻ. ട്രസ്ററ് അധികാരികൾ ഒരു പുതിയ അധ്യായം തന്നെ രചിച്ചിരിക്കുന്നു.

ഇക്കാലമത്രയും ന്യായമായി സ്ഥലം മാററം അർഹിക്കുന്ന അധ്യാപകർക്കു അതു നൽകുവാൻ കഴിയാതിരുന്നത് ട്രസ്ററ് എക്സിക്യൂട്ടീവിൽ തൻെറ നല്ല ആഗ്രഹങ്ങൾക്ക് വിഘാതമായിനിന്നിരുന്ന ഒരു പ്രബല വിഭാഗത്തിൻെറ എതിർപ്പ് കൊണ്ടാണ് എന്ന് വിലപിച്ചുകൊണ്ട് നിന്നിരുന്ന മാനേജർ ശ്രീ പി. എസ്. കാർത്തികേയൻ ഇപ്പോൾ എക്സിക്യൂട്ടീവിൽ തൻെറ ആൾക്കാർ മാത്രം വന്നതിനുശേഷവും, തത്വവിരുദ്ധമായി സ്ഥലം മാററങ്ങൾ നടത്തി അധ്യാപകർക്കു കൂടുതൽ കഷ്ടത വരുത്തിവെച്ചിരിക്കുന്നു. ഇതു തികച്ചും പ്രതിഷേധാർഹമാണ്. മാത്രമല്ല 1968

(ശേഷം 22-ാം പേജിൽ)

(......Contd. page 8)

again in 1980 did not lose opportunity to promulgate an ordinance entitled National Security Ordinance' which by itself has been threatening every democratic right of the working people, not to speak of educational workers only, giving to the government wide powers to arrest any citizen with out warrant and detain him without trail in the name of National Security. All the Teachers' and Educational Workers' Associations think it as their bounden duty to wage a relentless battle against this Ordinance or any such Act, as they did in case of Hospitals and Educational Institutions Bill.

16. A peculiar position is occupied by the minority institutions. Linguistic and religious minorities enjoy constitutional protection with respect to management and establishment of educational institutions. Taking advantage of this constitutional provision unscrupulous minority private managements often exploit the teachers. In different parts of the country the teachers' organisations have often to launch movements aganist such managements and demand reinstatement or redressal of other types of victimisation of innocent teachers. Teachers' organisations are not averse to the minority rights. However, they are naturally insistent on teachers of miniority institutions also enjoying security of service at par with their counterparts working in other institutions. They are also pointing out that the right of management connot include right of mismanagement.

17. Overall picture in this field is thus far from satisfactory. Even with a large number of Education Acts and Service Security Acts teachers do not enjoy adequate security of service.

**Selection and Appointment:**

18. Teachers of government institutions are selected by the Public Service Commission. However, such selection usually takes such a long time that often temporary selection and appointment are made and such temporary teachers often serve for various lengths of time without enjoying not only security of tenure but various other benefits.

19. But in private institutions selection and appointment are the prerogative of the private management. The statutory authority like the Board or the University, however, prescribe the minimum qualifications. Some state-governments have, however, formed statutory authorities for recruitment of teachers like College Service Commission and School Service Commission putting an end to such practice. In some others the Government and/or the statutory authority e. g. Board/University are represented in the management of the institution concerned and so through their representatives they oversee the propriety of selection. Besides, all newly appointed teachers have to secure approval from the Board/University and the Government. However, all the aforesaid provisions operate in institutions receiving government grants. In institutions not receiving government grants most of these provisions become inoperative. In such institutions private management enjoys complete freedom in the matter of selection and appointment of personnel. However, for all recognised institutions the minimum qualifications are fixed by the Board/University.

**Work load.**

20. Educational institutions in India normally work six days or 5½ days a week. Some institutions however work 5 days a week. There are usually rules prescribing the maximum number of classes that a teacher can be allotted in a week. Such load varies depending on the level of the institution namely, primary school, secondary school, college or a university and the designation of the teacher.

21. A school usually works for 39 hours a week and a teacher has to be at the school for this entire period. The number of classes that a teacher has to take, however, varies from state to state and from school to school. But it is nowhere less than 25 periods per week. But in primary schools such calculation may prove altogether meaningless, since a very large number of primary schools are one teacher schools. In many more schools the number of classes exceeds the number of teachers. How such classes are actully conducted is an academic wonder. But our primary teacher does perform this wonder and actually teaches pupils of different classes simultaneously. Even in secondary schools and colleges often the posts that are due to be sanctioned are not actually sanctioned in time and the existing teachers have to bear the additional work-load. In a college or a university, there is normally no restriction on the period of stay of a teacher in the institution. Only he is expected to be available to the students for taking classess, guide research etc, when he has such duties allotted to him A college-lecturer may be assigned upto 24 periods or 18 lecture-hours per week as the maximum. Every teacher, moreover, takes the school back home. He has to prepare his lesson, prepare questions, examine scripts and perform various extra-curricular activities.

22. Work-load is connected with the student-teacher ratio. Various education commissions and expert committees in our country recommended ideal ratios. More often than not however, the actual ratio is far from the ideal ratio.

23. In the matter of leave rules and leave facilities there is a good deal of dissimilarity. Various types of leaves available to teachers include casual leave, earned or privilege leave, maternity leave, quarantine leave, sabbatical leave etc. However, in the matter of periodicity and availability of one or the other type of leaves mentioned above the divergence is so pronounced that no short statement seems possible to make. ☐

(*will cont. in the next issue*)

---

(6–ാം പേജിന്റെ തുടർച്ച)

**കോഴിക്കോട്**

പ്രസിഡന്റ്

**കെ. കോയാട്ടി**
(ഫറൂക് കോളേജ്, ഫറൂക്)

സെക്രട്ടറി

**പി. വി. ചന്ദ്രമോഹനൻ**
(മലബാർ കൃസ്ത്യൻ കോളേജ്, കോഴിക്കോട്)

**കണ്ണൂർ**

പ്രസിഡന്റ്

**കെ. ഇ. എ. പത്മനാഭൻ**
(എസ്. എൻ. കോളേജ്, കണ്ണൂർ)

സെക്രട്ടറി

**ടി. ദാമോദരൻ**
(പയ്യന്നൂർ കോളേജ്, പയ്യന്നൂർ)

# കേരളാ യൂണിവേർസിററി സെനററ് യോഗം

## ജൂലൈ 30, 31

അജൻറയനുസരിച്ചുള്ള പരിപാടികളിൽ ഔദ്യോഗിക പ്രാധാന്യമുള്ളവയൊഴികെ ബാക്കി മുഴുവനും മാററി വയ്ക്കേണ്ടുന്ന ഒരു സാഹചര്യമാണു് ഇത്തവണ സെനററിൽ ഉണ്ടായത്. ആദ്യദിവസത്തെ അര മണിക്കൂർ നീണ്ടുനിന്ന ചോദ്യോത്തരവേള കഴിഞ്ഞയുടൻ തന്നെ, ഒരു വിഭാഗം വിദ്യാർത്ഥികൾ സെനററ് ഹാളിലേയ്ക്ക് പാഞ്ഞുകയറി. സെനററിലേയ്ക്കുള്ള വിദ്യാർത്ഥി പ്രതിനിധികളുടെ തെരഞ്ഞെടുപ്പു നടത്താത്തതിൽ പ്രതിഷേധിച്ചായിരുന്നു, ഇത്. മുദ്രാവാക്യങ്ങളിലാരംഭിച്ച പ്രക്ഷുബ്ധരംഗം, ഒടുവിൽ, സിൻഡിക്കേററ് മെമ്പർമാരിൽ ചിലരുടെ നേർക്കുള്ള കയ്യേററത്തിൽ കലാശിച്ചു. സെനററ് യോഗം നിർത്തിവച്ചു. പിറേറദിവസം ചോദ്യോത്തരങ്ങളിൽ ചിലതും, ഔദ്യോഗിക ഇനങ്ങൾ മുഴുവനും പൂർത്തിയാക്കി, സെനററ് അടിയന്തിര പ്രമേയത്തിലേയ്ക്കു കടന്നു. വിദ്യാർത്ഥികൾ കാട്ടിക്കൂട്ടിയ, തികച്ചും കാടത്തം നിറഞ്ഞ ഈ പ്രവൃത്തിയെ അപലപിക്കുന്നതോടൊപ്പം, അതിനു നിദാനമായ കാര്യങ്ങളെക്കുറിച്ചും ചർച്ചയിൽ പങ്കെടുത്ത സെനററു മെമ്പർമാർ സംസാരിച്ചു. എ കെ. പി. സി. ടി. എ. യുടെ പ്രതിനിധികളായി സർവശ്രീ. പി. രവീന്ദ്രനാഥ്, പി. നരേന്ദ്രൻ, ടി. എം. ജോസഫ് എന്നിവർ ചർച്ചയിൽ പങ്കെടുത്തു. അവരുടെ പ്രസംഗങ്ങളുടെ ചുരുക്കം ചുവടെ ചേർക്കുന്നു.

### പ്രൊഫ. പി. രവീന്ദ്രനാഥ്

വിദ്യാർത്ഥികളുടെ മാത്രമല്ല, അധ്യാപകരുടേയും മററു ജീവനക്കാരുടേയും പ്രതിഷേധങ്ങളുടെ ശബ്ദം ഇതിനു മുമ്പും ഈ ഹാളിനുള്ളിൽ ഉയർന്നു കേട്ടിട്ടുണ്ട്. എന്നാൽ അവയൊക്കെയും, ഡിമാൻറുകൾ നേടിയെടുക്കുവാനുള്ള സമരമാർഗ്ഗങ്ങളുടെ ഭാഗമായിരുന്നു. അധിക്ഷേപാർഹമായ അഴിഞ്ഞാട്ടങ്ങളോ, ചപലതകളോ ആയിരുന്നില്ല. പ്രതിഷേധിക്കേണ്ടത് എങ്ങിനെയെന്നുപോലും അറിയില്ലാത്ത ഒരു വിഭാഗം വിദ്യാർത്ഥികൾ ഇതുപോലുള്ളൊരു വേദിയിൽ കടന്നുകയറി കോമാളിത്തരങ്ങൾ കാട്ടിക്കൂട്ടുന്നത് അപലപനീയവും, നീതീകരിക്കാനാവാത്തതുമാണ്. പക്ഷേ, കാര്യത്തെക്കുറിച്ചു ചർച്ച ചെയ്യുന്ന നമ്മൾ, കാരണങ്ങളെക്കുറിച്ചും ആലോചിക്കേണ്ടിയിരിക്കുന്നു . . . സെനററിലേക്കുള്ള വിദ്യാർത്ഥി പ്രതിനിധികളുടെ തെരഞ്ഞെടുപ്പു നടത്താൻ ചാൻസലർക്കു് എന്താണിത്ര വൈമുഖ്യം ? അടിയന്തിരമായി തെരഞ്ഞെടുപ്പു നടത്തണം . . . . . ഇവിടെ, ചാൻസലർ കൂടിയായ ഗവർണർ തികച്ചും സ്വേച്ഛാധിപതിയെപ്പോലെ പ്രവർത്തിക്കുന്നു. ചാൻസലറുടെ ഇത്തരം തീരുമാനങ്ങളെയാണു് സെനററും സിൻഡിക്കേററും അപലപിക്കേണ്ടത്. വിദ്യാർത്ഥികൾ സമരംചെയ്ത് നേടിയെടുത്ത അവകാശമാണ് സെനററിലേക്കുള്ള അവരുടെ പ്രാതിനിധ്യം. അതിൻെറ കടയ്ക്കൽ കത്തി വയ്ക്കാൻ ചാൻസലർ എന്നല്ല, ആരുതന്നെ തുനിഞ്ഞാലും നിഷേധാത്മകമാണ്, അപലപനീയമാണു്.

**പ്രൊഫ. പി. നരേന്ദ്രൻ:** വിദ്യാർത്ഥികളിൽ ഒരു വിഭാഗത്തിൻെറ ഇത്തരം നിന്ദ്യമായ പ്രവർത്തനങ്ങളെ അപലപിക്കുമ്പോൾ തന്നെ ഉത്തരവാദപ്പെട്ട ഒരു ബോഡി എന്ന നിലയിൽ വികാരപരമായി നാം ഇതിനെ സമീപിക്കരുത്. വസ്തുതകൾ മനസിലാക്കാൻ കൂടുതൽ ആഴത്തിൽ പരിശോധിക്കേണ്ടിയിരിക്കുന്നു. ചാൻസലറുടെ സ്വേച്ഛാപരമായ നയങ്ങളോടൊപ്പം യൂണിവേഴ്സിററിയുടെ അലംഭാവവും, പല

(ശേഷം 23-ാംപേജിൽ)

(......Contd page 10)

Gasman

Rs. 6/- per day (for Physics and Chemistry only -one Gasman for both subjects together.)

Cost of materials:- (Per candidate registered)

| | |
|---|---|
| Physics | 40 paise |
| Chemistry | Re. 1/- |
| Geology | 60 paise |
| Home Science | 60 paise |
| Geography | 60 paise |
| Botany under Biology | 60 paise |
| Zoology under Biology | Re 1/- |

b) B. Sc.

| | |
|---|---|
| Skilled Assistant | Re. 1/- per candidate per Skilled Assistant per Examination of 3 hours duration, minimum Rs. 10/- per Examination of 3 hours duration. For Main Chemisty only, 2 Skilled Assistants are permitted, each being paid Rs. 1/25 per candidate for a session of 3 hours. |
| Laboratory Staff | 85 paise per candidate for Examination of 3 hours duration. Prerata increase will be allowed for longer duration. Minimum Rs. 8/- per examination. |
| Store-Keeper | Rs. 6/-per day for all subjects except Chemistry for which Rs. 8/- per day will be paid. |
| Gasman | Rs. 6/- per day (for Physics and Chemistry only. One Gasman for both subjects together for all examinations being held on a day |
| Mechanic | Rs. 6/- per day irrespective of number of candidates or duration of examinations. |
| Herbarium Keeper | Rs. 5/- per day |

Cost of Materials :
(Per candidate registered per examinations)

| | |
|---|---|
| Physics | Rs. 2/- |
| Chemistry Subsidiary (3 hours) | Rs. 5/- |
| Chemistry Main (6 hours) | Rs. 8/- |
| Botany | Rs. 3/- |
| Zoology | Rs. 4/- |
| Geology | Rs. 3/- |
| Home Science | Rs. 3/- |

e) M. Sc.

| | |
|---|---|
| skilled Assistant (One for Home Science. Two for other subjects for each batch) | Rs. 17/- per day. If there are two batches of 3 hours duration or more and attended to by the same person, Rs. 25/- per day will be allowed. If different sets of Skilled Assistants attend to work in different batches, the rate of remuneration per Skilled Assistant will be Rs. 17/-only and not Rs. 25/- |
| Laboratoy Staff | Rs. 1.50/- per candidate per examination of 3 hours duration with pro-rata increase for longer duration. Minimum Rs 6/- for a session. |
| Mechanic | Rs. 1.20 per candidate. Minimum Rs. 10/- for the entire examination. |
| Gasman | Rs. 6/– per day (for Physics & Chemistry only, all examinations of a day being put together) |
| Store-Keeper | Rs. 6/-per day for all subjects except Chemistry for which Rs.8/-will be paid. |
| Herbarium Keeper : | Rs. 5/- per day. |
| Cost of Materials:- (per candidate per examination) | |
| Physics | Rs. 8.50 |
| Chemistry | Rs. 15/- |
| Botany | Rs. 5/- |
| Zoology | Rs. 15/- |
| Home Science | Rs. 8.50 |
| Peon (for Viva Voce) | Rs. 5/- per day |

M. A. Psychology

| | |
|---|---|
| Skilled Assistant | Rs. 15/-per day |
| Laboratory Staff | Rs. 1/-per candidate (minimum Rs. 6/-) |
| Subjects | Rs. 5/- for full day |
| | Rs. 3/- per session |
| Cost of Materials : | Rs. 2/- per candidate |

Sd/–
CONTROLLER OF EXAMINATIONS.

GOVERNMENT OF KERALA

**Abstract**

Pension-Liberalisation of Pension Formula-Reduction in The Qualifying Service For Full Pension—Orders Issued.

---

FINANCE (PENSION-B) DEPARTMENT

G O. (P) 427/81/Fin.

Dated, Trivandrum, 2nd July. 1981.

---

*Read*—1. G. O (P) 456/79 (41)/Fin· dated 5-5-1979

2. G.O. (P) 572/80/Fin. dated 6-9-1980.

ORDER

In the G O. read as I st paper above, Government have ordered that the maximum qualifying service reckoned for pension would be raised from 30 years to 33 years Further in the G. O. read as second paper above, Government have ordered that the maximum qualifying service required for full pension on the basis of the slab system will be 33 years.

2 Government have examined the case further in detail and are pleased to order. in modifcation of the G O s read above, that the qualifying service for full pension will be reduced from 33 years to 30 years in respect of those who were in service on 31 st March 1981 and retired/retiring from service on or after that date A few illustrations are given in the Annexure to this order.

3 These orders will be applicable to all employees including teachers of Aided Schools· Private Colleges and Polytechnics to whom Kerala Service Rules Part III will apply.

4. Necessary amendments to the rules, in Part III, Kerala Service Rules will be issued separately.

By order of the Governor.

S. PADMAKUMAR,
*Finance Secretary.*

## ANNEXURE REFERRED TO IN PARA 2

### Calculation of pension according to Slab System in respect of certain categories

| (1) | (2) | | (3) | (4) |
|---|---|---|---|---|
| *Average emoluments* | *Pension for Service of 30 years and above* | | *Pension for 29 years of service* | *Pension for 20 years of service* |
| Rs.1000 | Pension Rs. 500 | | Rs. $\frac{500\times29}{30}$ | Rs. $\frac{500\times20}{30}$ |
| | | | Rs. 483.33 or Rs.484 | Rs. 333.35 or Rs. 334 |
| Rs. 1300 | First Rs. 1000 @ 50% | Rs. 500 | Rs. $\frac{535\times29}{30}$ | Rs. $\frac{635\times20}{30}$ |
| | Next Rs. 300 @ 45% | Rs. 135 | | |
| | Total | Rs. 635 | Rs. 613.83 or Rs. 614 | Rs. 423.33. or Rs 424 |
| Rs. 1500 | First Rs. 1000 @ 50% | Rs. 500 | Rs. $\frac{725\times29}{30}$ | Rs. $\frac{725\times20}{30}$ |
| | Next Rs. 500 @ 45% | Rs. 225 | | |
| | Total | Rs. 725 | Rs. 700 83 or Rs. 701 | Rs. 483.33 or Rs. 484 |
| Rs. 2000 | First Rs. 1000 @50% | Rs. 500 | Rs. $\frac{925\times29}{30}$ | Rs. $\frac{925\times20}{30}$ |
| | Next Rs. 500 @45% | Rs. 225 | Rs. 894.16 or Rs. 895 | Rs. 616.66 or Rs. 617 |
| | Next Rs. 500 @40% | Rs. 200 | | |
| | Total | Rs. 925 | | |

# പുതിയ പ്രവർത്തനശൈലി

## ജില്ലകളിൽ

[ജില്ലാ സെക്രട്ടറിമാർ വർക്കിംഗ് കമ്മ ററി അംഗങ്ങളായും, ബ്രാഞ്ചുസെക്രട്ടറിമാർ സ്റേററ്റ് കമ്മററി അംഗങ്ങളായും എ. കെ. പി. സി. ടി. എ. യുടെ പ്രവർത്തനരീതി പുന:സംഘടിപ്പിക്കപ്പെട്ടതിനുശേഷം ഓരോ ജില്ലയിലും നടന്നിട്ടുള്ള പ്രവർത്തനങ്ങൾ വില യിരുത്തുകയാണ് ഇവിടെ. കൊല്ലം ജില്ലാ സെക്രട്ടറിപ്രൊഫ. ശബരീനാഥൻ നായർ കഴി ഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ വിവരിക്കുന്നു.

അടുത്തലക്കം: തിരുവനന്തപുരം ജില്ല]

### കൊല്ലം ജില്ല

**1 അംഗസംഖ്യ:** റിപ്പോർട്ട് വർഷത്തിൽ അംഗസംഖ്യയിൽ വർദ്ധനവുണ്ടായി. കുറ ച്ചുകാലമായി പ്രവർത്തന രഹിതമായിരുന്ന T. K. M. കോളേജ്, സെൻറ് ജോൺസ് കോ ളേജ് അഞ്ചൽ, S. G കോളേജ് കൊട്ടാരക്കര എന്നിവിടങ്ങളിലെ ബ്രാഞ്ചുകൾ ശക്തമായ പ്രവർത്തനം തുടങ്ങി. ജില്ലയിലെ മൊത്തം അ ഗസംഖ്യ 540 ആണ്.

**2. യോഗങ്ങൾ:** റിപ്പോർട്ട് വർഷത്തിൽ ജില്ലാക്കമ്മിററിയോഗം ആറ് പ്രാവശ്യം ചേർ ന്നു. കൂടാതെ കൗൺസിലംഗങ്ങളെയും ജില്ലാ പ്രവർത്തകരേയും ഉൾക്കൊള്ളിച്ച് ഒരു പ്രവർ ത്തക കൺവൻഷനും കൂടി. വെൽഫയർ ട്രസ്റ്റ് ഷിഫ്ററ് സമ്പ്രദായം, S. N, N. S. S. കോ ളേജുകളിലെ അന്യായമായ സ്ഥലം മാററം, ഫെബ്രുവരി 4 മുതലുള്ള സമരം തുടങ്ങിയ കാര്യങ്ങളെകുറിച്ച് സജീവമായ ചർച്ച നട ത്തി വേണ്ട നടപടികൾ ജില്ലാ കമ്മിററി സ്വീ കരിച്ചിട്ടുണ്ട്. പ്രവർത്തക സമിതിയുടെ നിർ ദ്ദേശമനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തി ട്ടുണ്ട്. ഗൗരവമേറിയ ചർച്ചകൾ നടന്ന ജില്ലാ കമ്മിററിയിൽ ജനറൽ സെക്രട്ടറി ജി. മാധവൻ നായർ, പ്രൊ. ടി. ഗോപാലകൃഷ്ണൻ എന്നിവർ പങ്കെടുത്തിരുന്നു. ജില്ലാകമ്മിററി ചർച്ചകൾ യഥാകാലം ജേർണലിലേക്കും പ ത്രങ്ങൾക്കും പ്രസിദ്ധീകരണത്തിനായി നൽകിയിട്ടുണ്ട്. നമ്മുടെ വാർത്തകൾ, അറി യിപ്പുകൾ എന്നിവയ്ക്ക് നല്ല പ്രസിദ്ധീക രണം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യ ത്തിൽ സഹായിച്ച പത്രങ്ങളോട് നിസ്സീമമായ കൃതജ്ഞത രേഖപ്പെടുത്തുന്നു.

### മററു പ്രവർത്തനങ്ങൾ:

i) 12–5–80-ൽ N G O യൂണിയൻെറ പ്രക ടനത്തിന് ഏതാണ്ട് അമ്പതോളം സംഘടനാ പ്രവർത്തകർ, അഭിവാദ്യങ്ങൾ അർപ്പിക്കുക യുണ്ടായി. ജില്ലാ സെക്രട്ടറി, ട്രഷറർ, S. ശിവൻ (S. N. കോളേജ്) റസലുദ്ദീൻ (T. K. M. കോളേജ്) എന്നിവർ നേതൃത്വം നൽകി.

ii) 14–5–80, 15–5–80, 16–5–80 എന്നീ തീ യതികളിൽ T. K. M, College, സെൻറ് ജോ സഫ്സ് കോൺവൻറ്, ഫാത്തിമാകോളേജ് എന്നിവടങ്ങളിൽ ജില്ലാ സെക്രട്ടറിയും ട്രഷ ററും സന്ദർശിച്ച് പ്രശ്നങ്ങളെ കുറിച്ച് പഠി ച്ച് റിപ്പോർട്ട് ചെയ്തു.

iii) 21–6–80-ൽ S. N. കോളേജധ്യാപകർ A K P C T A യൂണിററിൻെറ നേതൃത്വത്തിൽ ഡോ: രാമവർമ്മയ്ക്ക് യാത്രയയപ്പ് നൽകുക യുണ്ടായി. തദവസരത്തിൽ ജനറൽ സെക്രട്ടറി. ട്രഷറർ, സിൻഡിക്കേററംഗ പ്രൊ. ടി. ഗോപാലകൃഷ്ണൻ, പ്രൊഫസർ N. J. ജേക്കബ്ബ് കോട്ടയം ജില്ലാ സെക്രട്ടറി, കൊല്ലം ജില്ലാ സെക്രട്ടറി എന്നിവർ സന്നിഹിതരായിരുന്നു.

iv) 4–7–80–ൽ K P T U വിൻെറ നേതൃത്വ ത്തിൽ D D ഓഫീസിനുമുമ്പിൽ നടന്ന ധർണ യ്ക്ക് A K P C T A ജില്ലാ സെക്രട്ടറി അഭി വാദ്യം അർപ്പിച്ചു സംസാരിച്ചു.

v) S N, N S S കോളേജുകളിൽ നടക്കുന്ന അന്യായമായ സ്ഥലം മാററത്തിനെതിരേ 17–7–80 ൽ സെക്രട്ടറിയേററ് പടിക്കൽ A K P C T A നടത്തിയ ധർണയിൽ ജില്ലയിലെ പ്രധന പ്രവർത്തകരുംപ്പെടെ ധാരാളം അംഗങ്ങൾ പങ്കെടുത്തു.

vi) 5–8–80–ൽ കൊല്ലം കലക്ടറേററു പടിക്കൽ സംയുക്ത അധ്യാപക സമരസമിയുടെ നേതൃത്വത്തിൽ നടന്ന ധർണയിൽ ഏതാണ്ട് 100 അംഗങ്ങൾ പങ്കെടുത്തു.

vii) 6–8–80–ൽ S. N. കോളേജ് യൂണിററ് പുതിയ സിൻഡിക്കേററംഗങ്ങളായ പ്രൊ. R. R. C. നായർ, പ്രൊ. V. നാരായണൻകുട്ടി, പ്രൊ. T. ഗോപാലകൃഷ്ണൻ എന്നിവർക്ക് സ്വീകരണം നൽകി. തദവസരത്തിൽ ട്രഷറർ, ജില്ലാ സെക്രട്ടറി എന്നിവർ സന്നിഹിതരായിരുന്നു.

viii) D. B. കോളേജ്, ശാസ്താംകോട്ട യൂണിററ്, സിൻഡിക്കേററംഗമായ പ്രൊ. ടി. ഗോപാലകൃഷ്ണന് ഒരു സ്വീകരണം നൽകുകയുണ്ടായി. തദവസരത്തിൽ ജില്ലാസെക്രട്ടറി, സെക്രട്ടറി ശ്രീ N. M. ജോസഫ് എന്നിവർ സന്നിഹിതരായിരുന്നു.

ix) 24–9–80–ൽ ജില്ലാ ആസ്ഥാനങ്ങളിൽ പണിമുടക്കിന്റെ മുന്നോടിയായി ഒരു ധർണ നടത്തി. കൊല്ലം കലക്ടറേററ് പടിക്കൽ നടന്ന ധർണ ഒരു വൻ വിജയമായിരുന്നു. വിവിധ സംഘടനാ ഭാരവാഹികൾ സംസാരിച്ചു.

x) 24–11–80–ൽ S. N. കോളേജ് കോ-ഓർഡിനേഷന്റെ നേതൃത്വത്തിൻ, അന്യായമായ സ്ഥലംമാററങ്ങൾക്കെതിരായി, S. N. ട്രസ്റ്റ് പടിക്കൽ ധർണനടത്തി. കോ-ഓർഡിനേഷൻ പ്രസിഡൻറ് Dr. സുന്ദരേശൻ, A K P C T A പ്രസിഡൻറ് ശ്രീ. വി. നാരായണൻകുട്ടി, ജനറൽ സെക്രട്ടറി ശ്രീ. ജി. മാധവൻനായർ, ട്രഷറർ ശ്രീ. എൻ. ഭാർഗവൻ, ജില്ലാ സെക്രട്ടറി എന്നിവർ സംസാരിച്ചു.

## 4. സംയുക്ത പ്രകടനം

24–1–81 ൽ തിരുവനന്തപുരത്തു് സെക്രട്ടറിയേററിനു് മുൻപിൽ AKPCTA – A K G C T നേതൃത്വത്തിൽ ഒരു വൻപിച്ച പ്രകടനവും തുടർന്നു് V J T ഹാളിൽവച്ച് ഒരു കൺവൻഷനും നടത്തുകയുണ്ടായി. പണിമുടക്കിന് ആസ്പദമായ കാരണങ്ങളെക്കുറിച്ച് ചെയർമാൻ സുദീർഘമായി സംസാരിച്ചു. ജില്ലയിലെ ഏതാണ്ട് 90% അംഗങ്ങളും പ്രകടനത്തിൽ പങ്കെടുത്തു.

## 5) ഫെബ്രുവരി 4 സമരം :

റിപ്പോർട്ട് വർഷം വളരെ സജീവമായി പ്രവർത്തകർ ഒത്തൊരുമിച്ചു്, സമരത്തിൽ പങ്കെടുത്തു് വൻ വിജയമാക്കി തീർത്തു.

ആദ്യമായി മററു സഹോദര സംഘടനകളുമായി ആലോചിച്ച് സമരസഹായ സമിതി രൂപീകരിച്ചു. ശ്രീ. മാത്യൂസി (AKBEF) നെ ചെയർമാനായും പ്രൊഫസർ ബലറാം മുസ്സത് (F M N College, Qln) കൺവീനറായും ആണു് സഹായസമിതി രൂപീകരിച്ചത്. തുടർന്നു് N G O യൂണിയൻ, N G O അസോസിയേഷൻ, K P T U, K G T A, S F I, N F P T E തുടങ്ങിയ സംഘടനകളിൽനിന്നും അംഗങ്ങളെ സഹായസമിതിയിലേക്ക് തിരഞ്ഞെടുത്തു.

തുടർന്ന് സഹായ സമിതിയുടെ ആഭിമുഖ്യത്തിൽ ജില്ലാ കളക്ടറേററു പടിക്കൽ ഒരു ധർണ നടത്തി. പ്രകടനത്തിനു ശേഷമായിരുന്നു ധർണ. സഹായസമിതി ചെയർമാൻ ശ്രീ. മാത്യൂസ് ധർണ ഉത്ഘാടനം ചെയ്തു. വിവിധ രാഷ്ട്രീയ കക്ഷികളെ പ്രതിനിധീകരിച്ചു് നേതാക്കന്മാർ സംസാരിച്ചു.

9–2–81 ൽ വൈകിട്ട് ഒരു പ്രകടനവും ചിന്നക്കടയിൽ ഒരു പൊതുയോഗവും നടന്നു. പ്രകടനത്തിൽ ധാരാളം അദ്ധ്യാപകർ പങ്കെടുത്തു.

യോഗത്തിൽ വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് ഡിക്രൂസ് (N F P T E), വരദരാജൻ (N G O യൂണിയൻ), ജയദേവൻ (S F I), വാസുദേവൻ (K G T A), ശ്രീ. സെയ്ദ് (N G O അസോസിയേഷൻ) എന്നിവർ സംസാരിച്ചു.

ജില്ലാ സമരസമിതിയുടെ അടിയന്തിര യോഗം ശ്രീ. N. ഭാർഗവന്റെ അദ്ധ്യക്ഷത യിൽ 26-2-81 ൽ കൊല്ലം NGO യൂണി യൻ ഹാളിൽവച്ചു കൂടി. സംസ്ഥാന സമര സമിതി കൺവീനർ T. V. ബാലൻ സുദീർ ഘമായി സംസാരിച്ചു.

കൂടാതെ ജില്ലയിലെ മിക്കവാറും എല്ലാ കോളേജുകളിലും എത്തിച്ചേർന്ന ജീപ്പു ജാഥ യ്ക്ക് ഹൃദ്യമായ സ്വീകരണം എല്ലാ യൂണി റ്റുകളിൽനിന്നും ലഭിക്കുകയുണ്ടായി. ജന വരി 21–ാംനാ- ബുധനാഴ്ച വൈകിട്ട് ജീപ്പ് ജാഥക്ക് കൊല്ലം ജില്ലാ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സ്വീകരണം നൽകി. യോഗത്തിൽ N. J. ജേക്കബ്ബ് അധ്യക്ഷം വഹി ച്ചു. ജില്ലാ സമിതി കൺവീനർ പി. ശബരി നാഥൻ സ്വാഗതം പറഞ്ഞു. തുടർന്നു് ടി. വി. ബാലൻ, തോളൂർ ശശിധരൻ എന്നി വർ സമര പരിപാടികൾ വിശദീകരിച്ചു. ട്രഷറർ N. ഭാർഗവൻ കൃതജ്ഞത രേഖപ്പെ ടുത്തി. വിവിധ സംഘടനാ പ്രതിനിധികൾ നോട്ടുമാലകൾ അർപ്പിച്ചു.

സമരം പിൻവലിച്ചതിനുശേഷം ജില്ലാ പ്രവർത്തകയോഗംകൂടി സമരത്തെ വിലയി രുത്തി. പൊതുവിൽ നേട്ടങ്ങളാണെങ്കിലും പാളിച്ചകളു ഉണ്ടായിട്ടുണ്ട് എന്നു് പ്രവർ ത്തകർ അഭിപ്രായപ്പെട്ടു.

## 6. കൊല്ലം D. D. ഓഫീസിലെ ലെയ്സൺ പ്രവർത്തനം

ഈ കഴിഞ്ഞ വർഷത്തിൽ പല അധ്യാ പകരുടേയും സർവീസ് കാര്യങ്ങൾ കൊല്ലം D D യിൽ നിന്നും തീരുമാനമായി കഴിഞ്ഞി ട്ടുണ്ട്. ഈ കാര്യങ്ങൾ അധ്യാപകരെ അറി യിക്കുകയും ചെയ്തിട്ടുണ്ട്.

## 7. അമീർ അലി പ്രശ്നം

14 വർഷമായി ജൂനിയർ ലക്ചററായി കഴിയുകയും ശമ്പളംപോലും വാങ്ങാനാവാ തെ കഷ്ടപ്പെടുകയും ചെയ്ത ഒരു ഹത ഭാഗ്യനാണു് TKM കോളേജ് ഇംഗ്ലീഷ് വകുപ്പിലെ ശ്രീ. അമീർ അലി. അദ്ദേ ഹത്തിന്റെ സർവീസ് കാര്യത്തിൽ സർവ കലാശാല അന്തിമ തീരുമാനം എടുക്കണമെ ന്നു് ജില്ലാ കമ്മിററി, പ്രവർത്തക സമിതി യോടു് ആവശ്യപ്പെടുകയും അതനുസരിച്ച് നമ്മുടെ സിൻഡിക്കേററംഗമായ ശ്രീ. T. ഗോപാലകൃഷ്ണൻ ശ്രീ. അമീർ ആലിക്ക് സർവീസ് കാര്യത്തിൽകുഴപ്പം വരാത്ത രീതി യിൽ യൂണിവേർസിററിയെക്കൊണ്ട് അന്തിമ തീരുമാനം എടുപ്പിക്കുകയും ചെയ്തു. ജില്ലാ കമ്മിററി ഈ കാര്യത്തിൽ പ്രൊഫ. ഗോപാല കൃഷ്ണനന്, നന്ദി രേഖപ്പെടുത്തുന്നു.

ജില്ലാസെക്രട്ടറിയുടെ മാർഗ്ഗദർശിയാ യി പ്രവർത്തിച്ച ട്രഷറർ ശ്രീ. N. ഭാർഗ്ഗ വനും നന്ദി രേഖപ്പെടുത്തുന്നു. ജില്ലയി ലെ വിവിധ കോളേജുകളിലെ യൂണിററ് സെക്രട്ടറിമാരോടും, പ്രവർത്തകരോടും ഈ അവസരത്തിൽ കൃതജ്ഞത രേഖപ്പെടുത്തട്ടെ.

○

---

## എൻഡോവ്മെൻറ്

ഈയിടെ നിര്യാതനായ സെൻറ്തോമസ് കോളേജ് പ്രൊഫസർ സീതാരാമന്റെ സ്മ രണ നിലനിർത്തുന്നതിന് അദ്ദേഹത്തിന്റെ പേരിൽ ഒരു എൻഡോവ്മെൻറ് ഏർപ്പെടു ത്തുവാൻ കോളേജിലെ ഫിസിക്സ് അധ്യാ പകർ തീരുമാനിച്ചിരിക്കയാണ്. കേരളത്തി ലെ വിവിധ കോളേജുകളിൽ പ്രവർത്തിക്കുന്ന അദ്ദേഹത്തിന്റെ ശിഷ്യൻമാർ ഈ സംരംഭവു മായി സഹകരിയ്ക്കുമെന്ന് പ്രതീക്ഷിക്കുന്നു.

"പ്രൊഫ. എം. കെ. മേനോൻ, കൺവീ നർ, പ്രൊഫ. സീതാരാമൻ എൻഡോവ് മെൻറ് കമ്മിററി, സെൻറ്തോമസ് കോളേജ്, തൃശൂർ" എന്ന വിലാസത്തിൽ സംഭാവനകൾ അയച്ചുകൊടുത്ത് ഈ സംരംഭം വിജയിപ്പിക്ക ണമെന്ന് എ. കെ. പി. സി. ടി. എ. ജില്ലാ സെക്രട്ടറി അറിയിയ്ക്കുന്നു.

---

(11–ാം പേജിന്റെ തുടർച്ച)

നാപ്രവർത്തകരെ അസൗകര്യം ഉണ്ടാകും വിധം സ്ഥലം മാററിയിരുന്നതുപോലെ ഈ പുതിയ എക്സിക്യൂട്ടീവ് സ്ഥലം മാററങ്ങൾ നടത്തിയിരിക്കുന്നു.

1981 ഫെബ്രുവരിയിൽ നടന്ന സമരത്തിന് നേതൃത്വം നൽകിയ കൊല്ലം എസ്. എൻ കോളേജിലെ അധ്യാപകർക്ക് എതിരേ കൊല്ലം എസ്. എൻ. വനിതാ കോളേജിലെ പ്രിൻസിപ്പൽ പി. ഐ. വർഗ്ഗീസ് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംഘടനാപ്രവർത്തകരെ സ്ഥലം മാററിയിട്ടുണ്ട്.

സംഘടനാപ്രവർത്തനം പരദൂഷണം പറയലും, സത്യ വിരുദ്ധമായ കാര്യങ്ങൾ പ്രചരിപ്പിക്കലുമാണെന്നു കരുതുന്ന ഒരു പിടി ഉദരം ഭരികളുടെ ദുഷ്പ്രേരണയാൽ സ്ഥലം മാററുന്ന ഒരു പുതിയ സ്ഥിതി വിശേഷം ഇന്നുണ്ടായിട്ടുണ്ട്. സ്ഥലം മാററപ്പെടുന്നവർക്കു ശമ്പളം പോലും കിട്ടാതെ തീരാദുരിതം അനുഭവിക്കേണ്ടിവരുന്നു. തന്റെ പാർശ്വവർത്തികളുടെ ആഗ്രഹാനുസരണം ചില പ്രൊമോഷൻ തസ്തികകളിൽ നിയമനം നടത്താതിരിക്കുകയും മററുചിലത് നടത്തുകയും ചെയ്യുന്ന ഇരട്ടത്താപ്പുനയം മാനേജർ അവസാനിപ്പിക്കണമെന്ന് കൗൺസിൽ ആവശ്യപ്പെട്ടു. കോളേജുകളുടെ സുഗമമായ പ്രവർത്തനത്തിനും, പുരോഗതിക്കും മാനേജ്മെന്റിന്റെ ഇത്തരം ദ്രോഹകരമായ നടപടികൾ സഹായകരമാവില്ലായെന്ന് മാനേജ്മെന്റ് ഓർക്കുന്നത് നന്നായിരിക്കും. സ്ഥലം മാററം നടത്തി സംഘടനാപ്രവർത്തനത്തെ തകർക്കുവാൻ കഴിയുമെന്ന വ്യാമോഹം മാനേജുമെന്റ് ഉപേക്ഷിക്കുന്നതായിരിക്കും അവർക്ക് നല്ലത്. ഇതിനെക്കാൾ ശക്തമായ അധ്യാപക ദ്രോഹനടപടികൾ എതിർത്തുതോൽപ്പിക്കുവാനുള്ള സംഘടിത ശക്തി എ. കെ. പി. സി. ടി. എ ക്ക് ഉണ്ട്.

ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ സ്ഥലം മാററങ്ങൾക്ക് വ്യക്തമായ മാനദണ്ഡം ഉണ്ടാക്കുവാൻ സമരം അനിവാര്യമായി വന്നിരിക്കയാണെന്നും കൗൺസിൽ അഭിപ്രായപ്പെട്ടു. അങ്ങനെയുള്ള സമരം എൻ.എസ്.എസ്.–എസ്. എൻ. സ്ഥാപനങ്ങളിൽ മാത്രം ഒതുക്കിനിർത്താതെ കേരളാടിസ്ഥാനത്തിൽ നടത്തണമെന്നും. അതിനുവേണ്ട പിന്തുണ എ.കെ.പി.സി.ടി.എ. യ്ക്ക് കോ–ഓർഡിനേഷൻ നൽകണമെന്നും തീരുമാനിച്ചു. □

## പ്രൊഫ. കെ. എസ്. സീതാരാമൻ അന്തരിച്ചു



തൃശൂർ സെന്റ് തോമസ് കോളേജ് ഫിസിക്സ് പ്രൊസറായിരുന്ന കെ. എസ്. സീതാരാമൻ ജൂലൈ 19 ന് ഹൃദ്രോഗംമൂലം നിര്യാതനായി.

1951 ൽ സെന്റ് തോമസ് കോളേജിൽ അധ്യാപകനായ പ്രൊഫ. സീതാരാമൻ, ഫിസിക്സ് ബിരുദാനന്തരവിഭാഗം കെട്ടിപ്പടുക്കുന്നതിൽ ഗണ്യമായ പങ്കുവഹിച്ചിട്ടുണ്ട്. കാലിക്കട്ട് യൂണിവേർസിററി പോസ്റ്റ് ഗ്രാജ്വേററ് ബോർഡ് ഓഫ് സ്ററഡീസ്, ഫാക്കൽററി ഓഫ് സയൻസ് എന്നിവയിൽ പ്രൊഫസർ അംഗമായിരുന്നു. പരേതന് അഞ്ചുകുട്ടികളുണ്ട്.

എ. കെ. പി. സി. ടി. എ യുടെ അടിയുറച്ച പ്രവർത്തകനായിരുന്ന പ്രൊഫ. സീതാരാമന്റെ നിര്യാണത്തിൽ സംഘടനയ്ക്കുള്ള ദുഃഖം രേഖപ്പെടുത്തുന്നു.

(14–ാംപേജിൻെറ തുടർച്ച)

കാര്യങ്ങളിലെന്നപോലെ ഇക്കാര്യത്തിലും നമുക്കു കാണാൻ കഴിയും. യൂണിവേഴ്സിററിയെ ഒരു നോക്കുകുത്തിപോലെ നിർത്തിക്കൊണ്ട് അഴിമതികൾ നടത്തുന്ന മാനേജുമെൻറിനെതിരായിപ്പോലും യൂണിവേഴ്സിററിക്കു ചെയ്യുവാനുള്ളത് കേവലം ഒരു അതൃപ്തി രേഖപ്പെടുത്തൽ മാത്രമാണ്. . . വിദ്യാർത്ഥി പ്രതിനിധിയായിരുന്ന ശ്രീ. മനുവിന് തെരഞ്ഞെടുപ്പ് ഉടൻ നടത്തുമെന്നു് മുൻ വൈസ് ചാൻസലർ ഉറപ്പു നൽകിയതും ഈ വേദിയിൽ വച്ചുതന്നെയാണ്. ചാൻസലർക്കും മററധികാരികൾക്കും വിദ്യാർത്ഥികളോട് എന്താണിത്ര അസഹിഷ്ണുതയെന്നു മനസ്സിലാകുന്നില്ല. അധികാരിവർഗത്തിനു 'ഹാലേലുയ്യ' പാടുന്നവരിലേയ്ക്ക് ഈ സെനററിനെ ഒതുക്കി നിർത്താനുള്ള വ്യഗ്രതയല്ലേ ഇതു സൂചിപ്പിക്കുന്നത്?

**പ്രൊഫ. ററി എം. ജോസഫ്:** പ്രതിഷേധങ്ങളും പ്രകടനങ്ങളും ഇതിനു മുമ്പും ഇവിടെ നടന്നിട്ടുണ്ട്. അവയൊക്കെത്തന്നെ അവയുടേതായ അന്തസ്സും ഗൗരവവും പുലർത്തിയിരുന്നു....ഈ സഭയുടെ പടിവാതുക്കൽ വന്നുനിന്ന് തങ്ങളുടെ വികാരങ്ങൾ ശക്തമായ ഭാഷയിൽ രേഖപ്പെടുത്തിയിരുന്നെങ്കിൽ അർഹിക്കുന്ന പ്രാധാന്യം അതിനുണ്ടാകുമായിരുന്നു. കുരങ്ങുകളെപ്പോലെ ചാടിക്കയറി കാട്ടിക്കൂട്ടിയ വികൃതികളെ ഒരിക്കലും സാധൂകരിക്കാനാവില്ല. ഇവിടെ പുതുതായി ചാർജെടുത്ത വൈസ് ചാൻസലറോട് ഒരഭ്യർത്ഥനയുണ്ട്. വിദ്യാർത്ഥികളുടെ തെരഞ്ഞെടുപ്പ് ഉടൻ തന്നെ നടത്താൻ വി. സി. ചാൻസലറോട് പറയണം. തെററുചെയ്തത് ചാൻസലറാണ്. ചാൻസലറുടെ അടുത്തേക്കായിരുന്നു വിദ്യാർത്ഥികൾ പോകേണ്ടിയിരുന്നത്. സെനററ്ഹാളിലേയ്ക്കല്ല.... തികച്ചും അപര്യാപ്തമായ സംരക്ഷണസേനാവിഭാഗമാണ് ഇപ്പോഴുള്ളത്. എങ്കിലും, അവരുടെ പ്രവർത്തനങ്ങൾ ഇക്കാര്യത്തിൽ പ്രശംസനീയമായിരുന്നു. □

---


## കോട്ടയത്തു വരുമ്പോൾ

## സുഖകരമായ താമസത്തിന്

# കേസീസ്

വൈ. എം. സി. എ. റോഡ്, കോട്ടയം

## എല്ലാ ആധുനിക സൗകര്യങ്ങളുമുള്ള

## ലോഡ്ജ്

ഫോൺ : 3440

**kerala private college teacher**

*monthly journal of the all kerala private college teachers' association*

*No. 29* *Registered No : KL|TV|237*

# AKPCT
# WELFARE TRUST

പ്രൈവററ് കോളേജധ്യാപ
കർക്കുളള ഏററവും വലിയ
സുരക്ഷിതത്വ പദ്ധതി.

സർവീസിലിരിക്കെ മരണമടയു
ന്നവരുടെ ആശ്രിതർക്ക്
പതിനായിരം രൂപ
ധനസഹായം ലഭിയ്ക്കുന്നു.

ജോലിചെയ്യാൻ
കഴിയാത്തവിധത്തിൽ
രോഗബാധിതരാകുന്നവർക്കും
ധനസഹായം.

**AKPCT**

**WELFARE TRUST**

*printed and published by prof. v. narayanan kutty, at chempaka printers, trivandrum-4, chief editor : v. n. murali.*